**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3377** **26-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ വകുപ്പിലെ എച്ച്.എസ്.ടി ഇംഗ്ലീഷ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകളിൽ ഇംഗ്ലീഷിനെ ഭാഷയാക്കി പരിഗണിച്ചുകൊണ്ട് എല്ലാ സ്കൂളുകളിലും ഇംഗ്ലീഷ് അധ്യാപകരെ നിയമിക്കണമെന്ന കെ.ഇ.ആർ (കേരള എജ്യൂക്കേഷൻ റൂൾ) ഭേദഗതിക്കു ശേഷം എത്ര എച്ച്.എസ്.റ്റി. ഇംഗ്ലീഷ് നിയമനം നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ; എച്ച്.എസ്.റ്റി. ഇംഗ്ലീഷ് നിയമനവുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ബഹു. കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ നം. 23159/2018 മേൽ 10/08/2021 ന് പുറപ്പെടുവിച്ച വിധിന്യായപ്രകാരം സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ, മറ്റ് ഭാഷാ വിഷയങ്ങൾക്ക് അനുവദിക്കുന്നതുപോലെ ഇംഗ്ലീഷ് വിഷയത്തിനും ലഭ്യമായ പീരീഡുകളുടെ അടിസ്ഥാനത്തിൽ തസ്തികകൾ അനുവദിക്കേണ്ടതാണ്. ബഹു. കോടതിയുടെ വിധിന്യായം വകുപ്പുകളുടെ ഏകീകരണ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണമായും നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ 3, 4 ഡിവിഷനുകളുള്ള സർക്കാർ/ എയ്ഡഡ് ഹൈസ്കൂളുകളിൽ 639 താൽക്കാലിക എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികകൾ സൃഷ്ടിച്ച് ദിവസവേതന / കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുവാനാണ് നിലവിൽ 29/11/2023 ലെ സ.ഉ (കൈ) നം. 182/2023/പൊ.വി.വ ഉത്തരവ് പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളത്.<br><br>നിയമനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | എച്ച്.എസ്.ടി ഇംഗ്ലീഷ് നിയമനവുമായി ബന്ധപ്പെട്ടുള്ള കോടതി അലക്ഷ്യ കേസിൽ (ഐ.എ.നം.1/2024 ഐ.എൻ. ഡബ്ല്യു.പി.(സി) നം.23159 ഓഫ് 2018(എസ്)) തസ്തിക സൃഷ്ടിക്കാൻ ഉത്തരവുണ്ടായിട്ടും പ്രസ്തുത തസ്തിക സൃഷ്ടിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (ബി) | വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ 3, 4 ഡിവിഷനുകളുള്ള സർക്കാർ/ എയ്ഡഡ് ഹൈസ്കൂളുകളിൽ 639 താൽക്കാലിക എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികകൾ സൃഷ്ടിച്ച് ദിവസവേതന / കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുവാനാണ് നിലവിൽ 29/11/2023 ലെ സ.ഉ (കൈ) നം. 182/2023/പൊ.വി.വ ഉത്തരവ് പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ബഹു. കോടതിയുടെ വിധിന്യായം വകുപ്പുകളുടെ ഏകീകരണ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണമായും നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇത് |

| | | | |
|---|---|---|---|
| | | | സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് ബഹു.കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ